**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4788** **11-08-2021 - ൽ മറുപടിയ്ക്ക്**

**പണം നൽകി സ്ഥാനാർത്ഥിത്വം പിൻവലിച്ച കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്ന കെ. സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് പണം നൽകിയെന്ന ആരോപണത്തെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | 06.04.2021 തീയതി നടന്ന കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ബി.എസ്.പി സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് 2.5 ലക്ഷം രൂപയും ഒരു മൊബൈൽ ഫോണും പ്രതിഫലമായി നൽകി സ്ഥാനാർത്ഥിത്വം പിൻവലിപ്പിച്ച് തിരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്നുള്ള കാര്യത്തെ സംബന്ധിച്ച് മഞ്ചേശ്വരം നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി ബഹു. കാസർഗോഡ് JFCM-II കോടതി മുമ്പാകെ അന്യായം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി നിർദ്ദേശ പ്രകാരം 07.06.2021 തീയതി ബദിയടുക്ക പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 193/2021 ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 171(B), 171(E) എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) | 06.04.2021 തീയതി നടന്ന കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ബി.എസ്.പി സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് 2.5 ലക്ഷം രൂപയും ഒരു മൊബൈൽ ഫോണും പ്രതിഫലമായി നൽകി സ്ഥാനാർത്ഥിത്വം പിൻവലിപ്പിച്ച് തിരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്നുള്ള കാര്യത്തെ സംബന്ധിച്ച് മഞ്ചേശ്വരം നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി ബഹു. കാസർഗോഡ് JFCM-II കോടതി മുമ്പാകെ അന്യായം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ബഹു. കോടതി നിർദ്ദേശ പ്രകാരം 07.06.2021 തീയതി ബദിയടുക്ക പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 193/2021 ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 171(B), 171(E) എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും അന്വേഷണ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കേസ്സ് ഇപ്പോൾ സി ബ്രാഞ്ച് കാസർഗോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി വരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ഡി) | ഈ കേസുമായി ബന്ധപ്പെട്ട് പണം, മറ്റു തൊണ്ടിമുതലുകൾ പോലീസ് കണ്ടെത്തി ഏറ്റെടുത്തിട്ടുണ്ടോ; കേസിലെ പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; കേസിലെ പ്രതികൾക്ക് ഒരു ദേശീയ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റുമായുള്ള ബന്ധം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (ഡി) | പണം, മറ്റ് തൊണ്ടി മുതലുകൾ എന്നിവ ബന്തവസ്സിലെടുത്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതാണ്. ഒരു ദേശീയ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റാണ് പ്രതിസ്ഥാനത്തുള്ളത്. ടി കേസ് സംബന്ധിച്ച് ഊർജിതമായ അന്വേഷണം നടത്തിവരുന്നു. |
| (ഇ) | മഞ്ചേശ്വരം മണ്ഡലത്തിലെ പ്രസ്തുത ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥിക്കു വേണ്ടിയാണ് കെ. സുന്ദരയുടെ പത്രിക പിൻവലിച്ചത് എന്ന ആക്ഷേപമുള്ളതിനാൽ ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥി ഈ കേസിൽ പ്രതിയായിട്ടുണ്ടോ; ഈ കേസിൽ ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥിയെ ചോദ്യം ചെയ്തിട്ടുണ്ടോയെന്നും അദ്ദേഹത്തിന്റെ പങ്ക് അന്വേഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?; | (ഇ) | ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥി ടി കേസ്സിന്റെ FIR ൽ പ്രതി സ്ഥാനത്താണുള്ളത്. ടിയാനെ ചോദ്യം ചെയ്യേണ്ടതുണ്ട്. |
| (എഫ്) | പ്രസ്തുത ദേശീയ കക്ഷിയുടെ ഏതൊക്കെ ഉന്നത പ്രാദേശിക നേതാക്കളെയാണ് ചോദ്യം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | പ്രസ്തുത കേസിൽ ദേശീയകക്ഷിയുടെ നേതാക്കളായ1) ശ്രീ. മണികണ്ഠറായ്, ബിജെപി കാസർഗോഡ് ജില്ലാ ജനറൽ സെക്രട്ടറി, 2) ശ്രീ. സുനിൽ നായ്ക്ക്, യുവമോർച്ച ഭാരവാഹി, കോഴിക്കോട് ജില്ല, 3) ശ്രീ. ലോകേഷ് നോണ്ട, ബിജെപി പൈവളികെ പഞ്ചായത്ത് മണ്ഡലം പ്രസിഡന്റ്, 4) ശ്രീ. മുരളീധരൻ, ബിജെപി മഞ്ചേശ്വരം നിയോജക മണ്ഡലം ജനറൽ സെക്രട്ടറി, 5) ശ്രീ. സുരേഷ് നായ്ക്ക്, ബിജെപി മഞ്ചേശ്വരം നിയോജക മണ്ഡലം സെക്രട്ടറി എന്നിവരെ ചോദ്യം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ